# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1656** — **25.03.2013 ലെ മറുപടിക്ക്**

## ഭരണഭാഷ മലയാളത്തിലാക്കിക്കൊണ്ടുള്ള ഉത്തരവ്

ചോദ്യം — ഉത്തരം

ശ്രീമതി.കെ.എസ്.സലീഖ : — ശ്രീ. ഉമ്മൻ ചാണ്ടി: (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2002-ലെ കേരളപ്പിറവി ദിനത്തിൽ ആറ് വകുപ്പുകളിൽ ഭരണഭാഷ മലയാളമാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം സെക്രട്ടേറിയറ്റിലെ ഏതെല്ലാം വകുപ്പുകളിൽ ആയത് നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | 2002-ലെ കേരളപ്പിറവി ദിനത്തിന് ശേഷം ഔഷധ നിയന്ത്രണം, സ്റ്റോഴ്സ് പർച്ചേസ്, തീരദേശ കപ്പൽഗതാഗതവും ഉൾനാടൻ ജലഗതാഗതവും, ശാസ്ത്ര സാങ്കേതികം, പൊതുഭരണം എന്നീ അഞ്ച് വകുപ്പുകളിൽ ഔദ്യോഗികഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| (ബി) | ഭരണഭാഷ മലയാളത്തിലാക്കി-ക്കൊണ്ടുള്ള ഉത്തരവ് സെക്രട്ടേറിയറ്റിലെ പല വകുപ്പുകളിലും പാലിക്കപ്പെടുന്നി-ല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടു-ണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.എന്നാൽ ഭാഷാ മാറ്റ പുരോഗതി കുറവാണെന്ന് കണ്ടെത്തിയ ആഭ്യന്തര വകുപ്പിൽ പരിശോധന നടത്തുകയും ആയത് പരിഹരിക്കുവാൻ ആവശ്യമായ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭരണഭാഷ മലയാളമാക്കിയ പ്രക്രിയ ത്വരിതപ്പെടുത്തു-ന്നതിന്റെ ഭാഗമായാണോ സർക്കാർ ജോലിക്ക് മലയാളം നിർബന്ധിതമാക്കിയ-തെന്ന് അറിയിക്കുമോ; | (സി) യും (ഡി) യും | പത്താം ക്ലാസ്സുവരെ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ കേരള സർക്കാർ സർവീസിൽ പ്രവേശിച്ചാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് പത്താം ക്ലാസ് മലയാള പാഠാവലിയുടെ നിലവാരത്തിലുള്ള ഒരു പരീക്ഷ വിജയിക്കണമെന്നും ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിലും ഇതു ബാധകമാക്കണമെന്നും സർക്കാർ ഉദ്ദേശിക്കുന്നതായും പരീക്ഷാ നടത്തിപ്പിന് കേരള പബ്ലിക് സർവീസ് കമ്മീഷനെ ചുമതലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്നും മലയാളം മിഷന്റെ കീഴിലുള്ള മലയാള ഭാഷാ പഠനത്തിന്റെ ഭാഗമായി സീനിയർ ഹയർ ഡിപ്ലോമാ പരീക്ഷ ജയിച്ചവർക്ക് ഈ പരീക്ഷ എഴുതേണ്ടതില്ല എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്ന് ഉദ്ദേശിക്കുന്നതായും കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കുകയും പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം സർക്കാരിനെ അറിയിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഉപദേശം സർക്കാരിന് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ് |
| (ഡി) | സർക്കാർ ജോലിക്ക് മലയാളം നിർബന്ധിതമാക്കിയ നടപടി എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ